**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **14-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ സാധനങ്ങൾ സൂക്ഷിക്കാൻ ശാസ്ത്രീയ ഗോഡൗണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണുകൾ ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ പര്യാപ്തമായവയല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ എല്ലാ റേഷനിംഗ് താലൂക്കുകളിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഗോഡൗണുകളിലാണ്. ഇവയിൽ ബഹു ഭൂരിപക്ഷവും ശാസ്ത്രീയ ഗോഡൗണുകൾ അല്ലാത്തതിനാൽ സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൊതു-സ്വകാര്യമേഖലകളുടെ പങ്കാളിത്തത്തോടു കൂടി ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ ഇതിനായി സൗകര്യപ്രദമായ സ്ഥലം കണ്ടെത്തിയ റേഷനിംഗ് താലൂക്കുകളുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ ഭരണാനുമതി ലഭ്യമായവയുടെ വിശദാംശം നൽകാമോ; | (സി) | സംസ്ഥാനത്തെ ഓരോ താലൂക്കിലും ഓരോ ശാസ്ത്രീയ ഗോഡൗൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി സംസ്ഥാനത്തു വർക്കല, പീരുമേട്, ഉടുമ്പൻചോല, കൊച്ചി, സുൽത്താൻബത്തേരി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം, കാസർഗോഡ് പയ്യന്നൂർ, കോന്നി, കോന്നി (കോഴഞ്ചേരി ) എന്നീ താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗൺ നിർമിക്കുന്നതിന് സൗകര്യ പ്രദമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പയ്യന്നൂർ താലൂക്കിലെ എരമം പുല്ലുപാറയിൽ ജനകീയ വായനശാല സമിതി സൗജന്യമായി അനുവദിച്ച് നൽകിയ 50 സെന്റ് സ്ഥലത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ശാസ്ത്രീയ ഗോഡൗൺ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി 18.7.2024 ലെ സ.ഉ (സാധാ) നം 197/2024 ഭപൊവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ സഹായത്തോടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് കൊണ്ട് ശാസ്ത്രീയ ഗോഡൗണുകളുടെ നിർമാണത്തിനായുള്ള സാധ്യത പരിശോധിച്ചു വരുന്നു. ഇതോടൊപ്പം സ്വകാര്യ-പൊതു മേഖലകളുടെ പങ്കാളിത്തത്തോടെകൂടി ഗോഡൗണുകൾ നിർമ്മിക്കുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | സഹകരണ വകുപ്പിന്റെ സഹായത്തോടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ചു പ്രസ്തുത ഗോഡൗണുകൾ നിർമ്മിക്കാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഓരോ താലൂക്കിലും ഓരോ ശാസ്ത്രീയ ഗോഡൗൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി സംസ്ഥാനത്തു വർക്കല, പീരുമേട്, ഉടുമ്പൻചോല, കൊച്ചി, സുൽത്താൻബത്തേരി, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം, കാസർഗോഡ് പയ്യന്നൂർ, കോന്നി, കോന്നി (കോഴഞ്ചേരി ) എന്നീ താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗൺ നിർമിക്കുന്നതിന് സൗകര്യ പ്രദമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പയ്യന്നൂർ താലൂക്കിലെ എരമം പുല്ലുപാറയിൽ ജനകീയ വായനശാല സമിതി സൗജന്യമായി അനുവദിച്ച് നൽകിയ 50 സെന്റ് സ്ഥലത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ശാസ്ത്രീയ ഗോഡൗൺ നിർമ്മിക്കുന്നതിനായി 18.7.2024 ലെ സ.ഉ (സാധാ) നം 197/2024 ഭപൊവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ സഹായത്തോടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് കൊണ്ട് ശാസ്ത്രീയ ഗോഡൗണുകളുടെ നിർമാണത്തിനായുള്ള സാധ്യത പരിശോധിച്ചു വരുന്നു. ഇതോടൊപ്പം സ്വകാര്യ-പൊതു മേഖലകളുടെ പങ്കാളിത്തത്തോടെകൂടി ഗോഡൗണുകൾ നിർമ്മിക്കുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ